# ജലം

ടി.എം സജദിൽ മുജീബ്

എറിഞ്ഞുടക്കപ്പെട്ട
പളുങ്കു പാത്രങ്ങളുടെ
ചിതറിയ
ചില്ലുകഷണങ്ങളിൽ
ശേഷിച്ച
ജലം പ്രത്യാശയാണ്;
സ്വപ്നമാണ്.
കുണുങ്ങിയൊഴുകുന്ന
പുഴയുടെ
ഗളധമനികൾ
ഛേദിക്കപ്പെട്ട്
ഒടുവിൽ
കറുത്ത വിഷനീരായ്
കുപ്പിയിൽ നുരയുന്ന
ജലം ചോരയാണ്;
ജീവനാണ്.
വിശന്ന ഗ്രാമത്തിന്റെ
വരണ്ട മണ്ണിലെ
പ്ലാസ്റ്റിക് കുടങ്ങളുടെ
തീരാത്ത തിരക്കിൽ
വേഴാമ്പലായ്
കുടിനീർ കാത്തു
നിൽക്കുമവരുടെ
സ്തനങ്ങൾ ചുരത്തുന്ന
ജലം സമരമാണ്;
ശാപവാക്കാണ്.
ജലം
പറയാൻ ബാക്കിവെച്ച
കഥാന്ത്യമാണ്.

●

# നിനക്കായ്

മുനീർ മങ്കട

നീയാണുറക്കിൽ
നീയാണുണർവിൽ
നീയാണുഷസ്സിന്റെ
നീൾചയുടെ നിറവിൽ
നിനക്കായ് മാത്രമീജന്മസാരം
നിനക്കായ് മാത്രമീ മനഃസ്താപം
നിറയുന്ന നിനവിൽ
നിറമാർന്നു മനസ്സിൽ
നിലാവായുദിക്കും നീ
നിശീഥത്തിന്നിരുളിൽ
കരുണയുടെ സാരം
വ്രണമായ് വളർന്നും
കനവിന്റെ ഇശലിൽ
സാന്ത്വനം പകർന്നും
നീ നിറഞ്ഞുനിൽക്കുന്നീ
ഹൃദയതാളം
തുടിക്കുന്നു നിൻ കൃപയിൽ
ലയിച്ചുചേരാൻ.

●

# 2007

ധരയാറ്റുനോറ്റു
പെറ്റ
ഒരു മുട്ട കൂടി
തട്ടിമറിഞ്ഞു
കെട്ടുപോയി-
ചെകുത്താന്റെ
അടയിരിപ്പു-
കുട്ടയിൽ!
മാലാഖമാരുടെ
നെഞ്ചിൻ ചൂടിൽ
അടയിരുന്നു
വിരിയിച്ച്
ധരക്കെന്നാണിനി
സമാധാനത്തിന്റെ
സ്വർഗപ്പക്ഷിയെ
തിരിച്ചുകിട്ടുക?!

മുഹമ്മദ് കുട്ടി ഇരിമ്പിളിയം